"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യില്ല എന്ന കാരണത്താൽ, 2023 മാർച്ച് മാസത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ ഗുണഭോക്താക്കൾക്ക് പെൻഷൻ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്

സ.ഉ.(കൈ) നം.108/2023/FIN തീയതി,തിരുവനന്തപുരം, 13-07-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം.4368/2023/ധന തീയതി 08-06-2023

2. തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടർ (റൂറൽ)-ന്റെ 03.07.2023 ലെ എൽ.എസ്.ജി.ഡി/പി.ഡി/24509/2023 -എസ്.എസ്.പി2 നമ്പർ കത്ത്

<u>ഉത്തരവ്</u>

2023 മാർച്ച് മാസത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യില്ല എന്ന കാരണത്താൽ, 2023 മാർച്ച് മാസത്തിലെ പെൻഷൻ മുടങ്ങിയ 1149 ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി 17,59,200/- രൂപ (പതിനേഴ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ റൂറൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. കൂടാതെ, ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യില്ല എന്ന കാരണത്താൽ 2023 മാർച്ച് മാസത്തിലെ പെൻഷൻ മുടങ്ങിയ, ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ (എൻ.എസ്.എ.പി) ഉൾപ്പെട്ട ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നീ ഇനങ്ങളിലെ 18 0 ഗുണഭോക്താക്കൾക്ക് എൻ.എസ്.എ.പി വിഹിതം നൽകുന്നതിനായി 53,20 0 / - രൂപ (അൻപത്തി മൂന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം) ആവശ്യമാണെന്നും ആയത് ബഡ്ജറ്റ് ഹെഡിൽ നിന്നും S N A അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പരാമർശം (2 ) ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യില്ല എന്ന കാരണത്താൽ, 2023 മാർച്ച് മാസത്തിലെ പെൻഷൻ മുടങ്ങിയ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനാവശ്യമായ തുകയായ 17,59,200/ - രൂപ (പതിനേഴ് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഇതിൽ, 784 ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്നതിനാവശ്യമായ തുകയായ 11,80,200/- രൂപ (പതിനൊന്ന് ലക്ഷത്തി എൺപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലെ (എസ് ബി അക്കൗണ്ട് നമ്പർ: 67234515304 (IFS Code :

SBIN0070028)) നീക്കിയിരിപ്പ് തുകയിൽ നിന്നും ഉപയോഗിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ റൂറൽ ഡയറക്ടറേയും, സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ട് ഗുണഭോക്താക്കൾക്ക് വീടുകളിൽ വിതരണം നടത്തുന്നതിന് 365 ഗുണഭോക്താക്കൾക്ക് ആവശ്യമായ തുകയായ 5,79,000/- രൂപ (അഞ്ച് ലക്ഷത്തി എഴുപത്തി ഒൻപതിനായിരം രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെയും ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ നൽകുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ (റൂറൽ) ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. കൂടാതെ ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തില്ല എന്ന കാരണത്താൽ 2023 മാർച്ച് മാസത്തിലെ പെൻഷൻ മുടങ്ങിയ, ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ (എൻ.എസ്.എ.പി) ഉൾപ്പെട്ട ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നീ പെൻഷനുകളിലെ 180 ഗുണഭോക്താക്കൾക്ക് എൻ.എസ്.എ.പി വിഹിതം നൽകുന്നതിനായി 53,200/- രൂപ (അൻപത്തി മൂന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം) ബജറ്റ് ഹെഡിൽ നിന്നും ('2235-02-101-54-01-ദേശീയ വികലാംഗ പെൻഷൻ കേന്ദ്ര വിഹിതം' -ൽ 300/- രൂപ, '2235-03-101-99-01 ദേശീയ വാർദ്ധക്യകാല പെൻഷൻ കേന്ദ്ര വിഹിതം' -ൽ 3400/- രൂപ, '2235-60-102-88-01- ദേശീയ വിധവ പെൻഷൻ' -ൽ 49500/- രൂപ) തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ റൂറൽ ഡയറക്ടറുടെ S.N.A അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും വിതരണം ചെയ്യുന്നതിനുള്ള അനുവാദം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ റൂറൽ ഡയറക്ടർക്ക് നൽകിക്കൊണ്ടും ഉത്തരവാകുന്നു.

3. ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P.ANIL PRASAD
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി.ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം I

### 2023 മാർച്ച് മാസത്തെ പെൻഷൻ പുനർ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്ട് ടു ഹോം (രൂപ) | | ആകെ (രൂപ) | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ഇരിക്കൂർ | കർഷക തൊഴിലാളി പെൻഷൻ | 2 | 3200 | 1 | 1600 | 3 | 4800 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28 | 42500 | 9 | 14400 | 37 | 56900 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 2 | 3200 | | | 2 | 3200 |
| | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3 | 4800 | | | 3 | 4800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 27 | 42300 | 9 | 14400 | 36 | 56700 |
| | ആകെ | 62 | 96000 | 19 | 30400 | 81 | 126400 |
| [illegible] | കർഷക തൊഴിലാളി പെൻഷൻ | - | - | - | - | - | - |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1 | 1600- | - | - | 1 | 1600 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | - | - | - | - | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| കോർപ്പറേഷൻ | 5 0 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | - | - | - | - | - | - |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1 | 1600 | | | 1 | 1600 |
| | ആകെ | 2 | 3200 | | | 2 | 3200 |
| ഗ്രാമപഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 15 | 24000 | 19 | 30400 | 34 | 54400 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 90 | 132900 | 39 | 60400 | 129 | 193300 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 29 | 46100 | 19 | 30400 | 48 | 76500 |
| | 5 0 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 17 | 27200 | 10 | 16000 | 27 | 43200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 569 | 850800 | 259 | 411400 | 828 | 1262200 |
| | ആകെ | **720** | **1081000** | **346** | **548600** | **1066** | **1629600** |

അനുബന്ധം II

2023 മാർച്ച് മാസത്തെ എൻ.എസ്.എ.പി പെൻഷൻ പുനർ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

| പെൻഷൻ ഇനം | മുനിസിപ്പാലിറ്റി | | കോർപ്പറേഷൻ | | ഗ്രാമ പഞ്ചായത്ത് | | ആകെ | |
|---|---|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 5 | 1300 | | | 9 | 2100 | 14 | 3400 |
| ഇന്ദിരാഗാന്ധി | | | | | 1 | 300 | 1 | 300 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| [illegible] | | | | | | | | |
| [illegible] | 3 | 900 | | | 162 | 48600 | 165 | 49500 |
| ആകെ | **8** | **2200** | | | **172** | **51000** | **180** | **53200** |